എറണാകുളം-അങ്കമാലി അതിരൂപത

# വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ മാതൃക ചോദ്യങ്ങൾ

**02/10/2022** **മാർക്ക് - 50**

## Std III

**A. ഒറ്റ വാക്കിൽ ഉത്തരം പറയുക** **(1 x 10 = 10)**

1. ജീവജാലങ്ങൾക്കെല്ലാം പേരിട്ടത് ആരാണ്?
ഉ: ആദം (1/10)
2. നമുക്ക് സ്വന്തം ഛായയും സാദൃശ്യവും നൽകിയത് ആരാണ്?
ഉ: ദൈവം (2/14)
3. ആദത്തിനും ഹവ്വായ്ക്കും ജനിച്ച രണ്ട് പുത്രന്മാർ ആരെല്ലാം?
ഉ: കായേനും ആബേലും (3/18)
4. ആദിമാതാപിതാക്കളുടെ പുത്രന്മാരിൽ ആരായിരുന്നു കൃഷിക്കാരൻ?
ഉ: കായേൻ (3/18)
5. കായേൻ കർത്താവിന്റെ സന്നിധി വിട്ട് ഏത് ദേശത്താണ് താമസിച്ചത്?
ഉ: ഏദനു കിഴക്ക് നോദുദേശത്ത് (3/18)
6. കായേൻ എന്താണ് ദൈവത്തിന് കാഴ്ചയർപ്പിച്ചത്?
ഉ: വിളവിന്റെ ഒരുഭാഗം(3/18)
7. നമ്മൾ പാപം ചെയ്യുമ്പോൾ ആരാണ് വേദനിക്കുന്നത്?
ഉ: ദൈവം (3/19)
8. ജലപ്രളയത്തിനുശേഷം ദൈവം നോഹയുമായി ചെയ്ത ഉടമ്പടിയുടെ അടയാളം എന്ത്?
ഉ: മഴവില്ല് (4/22)
9. ദൈവം എത്രനാൾ തുടർച്ചയായി മഴ പെയ്യിച്ചു?
ഉ: നാല്പതു രാവും നാല്പതു പകലും (4/22)
10. ദൈവം നോഹയോട് എന്തു മരം കൊണ്ടാണ് പെട്ടകം ഉണ്ടാക്കാൻ പറഞ്ഞത്?
ഉ: ഗോഫെർ മരം (4/22)
11. നമ്മിലെ ദൈവികജീവൻ നഷ്ടമാകുന്നത് എപ്പോഴാണ്?
ഉ: ദൈവത്തെ ധിക്കരിക്കുമ്പോൾ (4/23)
12. അബ്രാഹത്തിന്റെ ഭാര്യയുടെ പേര് ?
ഉ : സാറാ (5/25)
13. അബ്രാഹത്തിന്റെ മകന്റെ പേര്?
ഉ : ഇസഹാക്ക് (5/26)
14. ഇസഹാക്കിന്റെ രണ്ടു പുത്രന്മാർ ആരെല്ലാം?
ഉ: ഏസാവും യാക്കോബും (5/26)
15. യാക്കോബിന്റെ സന്തതിപരമ്പരയെ എന്താണ് വിളിക്കുന്നത്?
ഉ: ഇസ്രായേൽ (5/26)
16. ഈജിപ്തിന്റെ അധിപനായി നിയമിതനായ യാക്കോബിന്റെ പുത്രൻ ആര്?
ഉ: ജോസഫ് (5/26)
17. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം തെരഞ്ഞെടുത്ത പ്രവാചകൻ ആര്?
ഉ: മോശ (5/26)

18. ദൈവത്തിന്റെ സ്വന്തം ജനം എന്നറിയപ്പെടുന്നവർ ആര്?
ഉ: ഇസ്രായേൽ (6/29)
19. ദൈവം ആദ്യമായി മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത് ഏതു മലയിൽ വച്ച്?
ഉ: ഹോറെബ് (6/29)
20. മോശയ്ക്ക് സഹായിയായി നൽകിയതാരെയാണ്?
ഉ: സഹോദരൻ അഹറോനെ (6/30)
21. ദൈവം ഇസ്രായേൽക്കാരെ നയിച്ചത് ഏതു ദേശത്തേക്കാണ്?
ഉ: കാനാൻ ദേശത്തേക്ക് (6/30)
22. കാനാൻദേശം ലക്ഷ്യമാക്കിയുള്ള യാത്രയിൽ ഇസ്രായേൽക്കാരുടെ നേതാവ് ആരായിരുന്നു?
ഉ: മോശ (7/33)
23. ദൈവം പത്തുകല്പനകൾ മോശയ്ക്ക് നൽകിയത് എവിടെവച്ച്?
ഉ: സീനായ് മലയിൽ വച്ച് (7/33)
24. ദൈവം മോശയ്ക്ക് പത്തുകല്പനകൾ എഴുതി നൽകിയത് എന്തിലാണ്?
ഉ: രണ്ട് കല്പലകകളിൽ (7/34)
25. കർത്താവ് നൽകിയ കല്പനകളെ എന്താണ് വിളിക്കുന്നത്?
ഉ: ദൈവകല്പനകൾ (7/34)
26. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള യാത്രയിൽ ശരിയായ വഴി കാണിക്കാൻ നമ്മെ സഹായിക്കുന്നതെന്ത്?
ഉ: ദൈവകല്പനകൾ (7/35)
27. ദൈവകല്പനകളുടെ ലംഘനം എന്ത്?
ഉ: പാപം (8/38)
28. പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നാം എന്തു ചെയ്യണം?
ഉ: ഉണർന്നിരുന്നു പ്രാർത്ഥിക്കണം (8/39)

## B. ചുരുങ്ങിയ വാക്കുകളിൽ ഉത്തരം പറയുക (3 x 5 = 15)

1. ദൈവം നമുക്ക് ജീവൻ തന്നിരിക്കുന്നത് എന്തിനാണ്?
ഉ: സ്നേഹത്തിൽ വളരാനും ലോകത്തിൽ നന്മകൾ ചെയ്ത് ജീവിക്കാനും അങ്ങനെ സ്വർഗം പ്രാപിക്കാനുമാണ് ദൈവം നമുക്ക് ജീവൻ തന്നിരിക്കുന്നത്. (1/10)
2. മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷം എന്താണ്?
ഉ: ദൈവത്തോടുകൂടെ കഴിയുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷം. (1/10)
3. ദൈവം നമുക്ക് എന്തെല്ലാം നൽകി?
ഉ: ജീവൻ നൽകി, സ്നേഹം നൽകി, സ്വന്തം ഛായയും സാദൃശ്യവും നൽകി. (2/14)
4. മനുഷ്യന്റെ ഏറ്റവും വലിയ തെറ്റ് എന്ത്?
ഉ: ദൈവത്തെ വേദനിപ്പിക്കുകയെന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ തെറ്റ്. (3/19)
5. നാം ദൈവത്തെ വേദനിപ്പിക്കുന്നത് എപ്പോഴാണ്?
ഉ: മാതാപിതാക്കളെ ധിക്കരിക്കുമ്പോൾ, അധ്യാപകരെ അനുസരിക്കാതെ മുതിർന്നവരോട് മര്യാദയില്ലാതെ പെരുമാറുമ്പോൾ, കൂട്ടുകാരുമായി വഴക്കു കൂടുമ്പോഴെല്ലാം നാം ദൈവത്തെ വേദനിപ്പിക്കുന്നു. (3/19)
6. ദൈവം പറഞ്ഞതനുസരിച്ച് ആരെല്ലാമാണ് പെട്ടകത്തിൽ കയറിയത്?
ഉ: നോഹയും കുടുംബവും, ഭൂമിയിലുള്ള സകല ജീവജാലങ്ങളും ആണും പെണ്ണുമായി രണ്ടുവീതം പെട്ടകത്തിൽ കയറി. (4/22)
7. മനുഷ്യരെ രക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയിൽ ഒരു പ്രധാന സ്ഥാനം ഇസ്രായേലിനുണ്ട് എന്നു പറയാൻ കാരണമെന്ത്?
ഉ: ഇസ്രായേൽ വംശത്തിൽ നിന്നാണ് മനുഷ്യരക്ഷയ്ക്കായി ഈശോ ജനിച്ചത്. അതുകൊണ്ടാണ് ദൈവപദ്ധതിയിൽ ഇസ്രായേലിന് പ്രധാന സ്ഥാനമുള്ളത്. (5/26)

8. ദൈവം മോശയെ തെരഞ്ഞെടുത്തത് എന്തിനാണ്?

ഉ: ഇസ്രായേൽക്കാരെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷിച്ച് കാനാൻ ദേശത്തേക്ക് നയിക്കാനാണ് ദൈവം മോശയെ തെരഞ്ഞെടുത്തത്. (6/30)

9. ഫറവോ ഇസ്രായേൽക്കാരെ വിട്ടയക്കാൻ തീരുമാനിച്ചതെപ്പോൾ?

ഉ: മോശ വഴി അത്ഭുതങ്ങൾ പ്രവർത്തിച്ച് പത്തു ബാധകൾ അയച്ച് ദൈവം ഈജിപ്തുകാരെ ശിക്ഷിച്ചപ്പോൾ ഫറവോ ഇസ്രായേൽക്കാരെ വിട്ടയക്കാൻ തീരുമാനിച്ചു. (6/30)

10. പ്രലോഭനങ്ങൾ എന്നാൽ എന്ത്

ഉ: ദൈവകല്പനകൾ ലംഘിക്കാനുള്ള പ്രേരണകളെയാണ് പ്രലോഭനങ്ങൾ എന്നുപറയുന്നത്. (8/38)

11. കല്പനകൾ നമുക്കു കാണിച്ചു തരുന്നതെന്താണ്?

ഉ: സന്തോഷത്തോടെ ജീവിക്കാനുള്ള മാർഗങ്ങളാണ് കല്പനകൾ നമുക്കു കാണിച്ചു തരുന്നത്. (8/37)

12. യോഹന്നാൻ 15:10 പറയുക.

ഉ: ''ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതു പോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും'' (യോഹന്നാൻ 15:10). (8/38)

## C. നമസ്കാരങ്ങൾ ഏതെങ്കിലും ഒരെണ്ണം പറയുക. (1 x 5 = 5)

1. വലിയ കുരിശടയാളം വരയ്ക്കുക.
2. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുക.
3. 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലുക.
4. സാധാരണ ത്രിസന്ധ്യാജപം ചൊല്ലുക.

## D. പാഠപുസ്തകത്തിലെ ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പാട്ട് പാടുക. (1 x 5 = 5)

## E. ഇന്റേണൽ അസസ്സ്മെന്റ് Marks: 15

മാതാപിതാക്കൾ 5 മാർക്കിൽ, അധ്യാപകർ 10 മാർക്കിൽ